**പതിമൂന്നാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1506 — 11.02.2013 ൽ മറുപടിക്ക്

<u>പട്ടികവർഗ്ഗ ബി.പി.എൽ ലിസ്റ്റിന്റെ മാനദണ്ഡം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) പട്ടികവർഗ്ഗ കുടുംബങ്ങളെ ബി.പി. എൽ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് നിലവിലുണ്ടായിരുന്ന മാനദണ്ഡം എന്തെല്ലാമായിരുന്നു; | എ) സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന പട്ടികവർഗ്ഗവിഭാഗത്തിൽപ്പെടുന്ന ഉദ്യോഗസ്ഥർ ഒഴികെ എല്ലാപട്ടികവർഗ്ഗ കുടുംബങ്ങളെയും ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നതാണ് നിലവിലുണ്ടായിരുന്ന മാനദണ്ഡം |
| ബി) ഇതിൽ ഭേദഗതി വരുത്തുകയുണ്ടായോ; വിശദമാക്കുമോ; | ബി) 23.11.2012 ലെ സർക്കാർ ഉത്തരവ് (കൈ) 304/12/തസ്വഭവ പ്രകാരം ഒരു വീട്ടിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരായ ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥനും, ഭർത്താവ്/ഭാര്യയും പ്രായപൂർത്തിയാകാത്ത മക്കളും ഉൾപ്പെടുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ എ.പി.എൽ കുടുംബമായും, ആ കുടുംബത്തിലെ മറ്റംഗങ്ങളിൽ ആരും സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലയിലെ സ്ഥിരം ജോലിക്കാരല്ലെങ്കിൽ അവരെ ആ വീട്ടിലെ പ്രത്യേക കുടുംബമായി കണക്കാക്കി ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്നും പ്രസ്തുത ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങളിലെ അംഗങ്ങൾ സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലയിൽ സ്ഥിരം ജോലി ലഭിക്കുമ്പോൾ സ്വമേധയാ ബി.പി.എൽ പട്ടികയ്ക്ക് പുറത്താവുമെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തി പ്രസ്തുത ഉത്തരവ് ഭേദഗതി വരുത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| സി) | പുതുക്കിയ മാനദണ്ഡം അനുസരിച്ച് എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾ ബി. പി.എൽ ലിസ്റ്റിൽ നിന്ന് പുറത്താകുമെന്ന് കണക്കാക്കിയിട്ടുണ്ടോ? | കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ